# കഷ്ടതയിൽ വിശ്വാസിയുടെ മനോഭാവം

## ഇയ്യോബ് 1:22

**"ഇതിലൊന്നിലും ഇയ്യോബ് പാപം ചെയ്കയോ ദൈവത്തിന്നു ഭോഷത്വം ആരോപിക്കുകയോ ചെയ്തില്ല."**

നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകന്ന് നടക്കുന്നവനും ആയ ഒരു വ്യക്തി എന്ന് വചനം സാക്ഷ്യപ്പെടുത്തുന്ന ഇയ്യോബിന്റെ ജീവിതത്തിൽ പ്രതിസന്ധികളും ദുരിതങ്ങളും കടന്നു വന്നപ്പോൾ ഇയ്യോബിൽ നിന്നുണ്ടായ പ്രതികരണമാണ് നാം മേൽ വായിച്ച വാക്യത്തിൽ കണ്ടത്. എല്ലാവിധത്തിലും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതമായിരുന്നു ഇയ്യോബിന്റേതെന്ന് നമുക്ക് കാണാൻ കഴിയും. ദൈവത്തിന്റെ സമ്മതത്തോടെ, സാത്താൻ ഇയ്യോബിന്റെ ദൈവസ്നേഹത്തെയും, വിശ്വാസത്തെയും പരീക്ഷിക്കുമ്പോൾ, ഇയ്യോബ് ആ പരീക്ഷയിൽ പൂർണ്ണമായി വിജയിക്കുന്നതായി നാം കാണുന്നു. അവനുള്ളതെല്ലാം നഷ്ടപ്പെട്ടപ്പോഴും, രോഗത്താൽ വലഞ്ഞപ്പോഴും, ഒരിക്കലും ദൈവത്തെയോ മറ്റു വ്യക്തികളെയോ പഴി പറയാതെ, വിശ്വാസം കുറഞ്ഞുപോകാതെ, പാപം ചെയ്യാതെ, ദൈവത്തിൽ തന്നെ ആശ്രയിക്കുന്ന ഒരു ഇയ്യോബിനെയാണ് നാം ഇവിടെ കാണുന്നത്.

പ്രയാസങ്ങളുടെയും കഷ്ടതകളുടെയും നടുവിൽ ഒരു ദൈവപൈതലിന് മാതൃകയാക്കാനായി വചനം കാണിച്ചു തരുന്ന ഒരു വ്യക്തിയാണ് ഇയ്യോബ്. നിനച്ചിരിക്കാത്ത നേരത്ത് ദുരിതങ്ങൾ കടന്നു വരുമ്പോൾ നമ്മുടെ ജീവിതത്തിൽ നമുക്ക് അതിനോടുള്ള മനോഭാവം എന്താണ്? ഇയ്യോബിനെപ്പോലെ പറയാൻ നമുക്കും സാധിക്കുന്നുണ്ടോ? ഇയ്യോബിനെപ്പോലെ വിശ്വസ്തനായി നിലകൊള്ളുവാൻ നമുക്കും സാധിക്കുന്നുണ്ടോ? ആരിലേക്കാണ് നാം ആശ്രയത്തിനായി നോക്കുന്നത്? തന്നെ ശിക്ഷിക്കുന്ന അമ്മയെ തന്നെ കെട്ടിപ്പിടിച്ചു കൊണ്ട് കരയുന്ന കുഞ്ഞിനെ നാം കാണാറില്ലേ. ശിക്ഷിക്കുമ്പോഴോ, ശിക്ഷ ഏറ്റുവാങ്ങുമ്പോഴോ, ആ അമ്മയും കുഞ്ഞും പരസപരം വെറുക്കുന്നില്ല. ഇതുപോലെ തന്നെയാവണം ശോധനയുടെ നടുവിലും നമുക്ക് ദൈവത്തോടുള്ള മനോഭാവം. ഓരോ ശോധനകളും ദൈവം അറിഞ്ഞിട്ടാണ്; അത് നമ്മുടെ നന്മയ്ക്കുമാണ്. അതിന്റെ പിന്നിൽ ദൈവത്തിന്റെ സ്നേഹമുള്ള കരുതലിന്റെ കരങ്ങളുണ്ട്. അത് തിരിച്ചറിയുമ്പോഴാണ് നമ്മുടെ വിശ്വാസവും, ആശ്രയത്വവും കൂടുന്നത്.

ഒടുവിൽ ഇയ്യോബിന്റെ ജീവിതത്തിൽ അവനു നഷ്ടപ്പെട്ടതൊക്കെ ഇരട്ടിയായി മടക്കിക്കൊടുക്കുന്ന ഒരു ദൈവത്തെ നാം കാണുന്നു. അതു കൊണ്ട് കഷ്ടങ്ങളിൽ ദൈവത്തെയും, മനുഷ്യനെയും പഴിക്കുകയല്ല മറിച്ച് കൂടുതൽ വിശ്വാസത്തോടെ അവന്റെ

സന്നിധിയിൽ അണഞ്ഞ് സ്വയം ശോധന ചെയ്യണം. ഇയ്യോബ് 4:5 ൽ ഇപ്രകാരം പറയുന്നു, "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു." കഷ്ടതയുടെ നടുവിൽ; താൻ കേട്ടറിഞ്ഞ ദൈവത്തെ ഇയ്യോബ് അനുഭവിച്ചറിഞ്ഞു. ഇതുപോലെ നമ്മുടെ ജീവിതത്തിലും ദൈവസ്നേഹം ഒരനുഭവമായി മാറാൻ ഓരോ സഹനങ്ങളും ഇടയായിത്തീരാൻ നമുക്കും പ്രാർത്ഥിക്കാം. അതിനായി ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം.

പരാമർശം:
ഇയ്യോബ് 42:2

നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാധ്യമല്ലെന്നും ഞാൻ അറിയുന്നു.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 080